പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3297 — 25.06.2012-ൽ മറുപടിക്ക്

## മറൈൻ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | 2012 മാർച്ച് 1ന് ശേഷം സംസ്ഥാനത്ത് മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ എത്രയെന്ന് വ്യക്തമാക്കാമോ? | (എ) | 2012 മാർച്ച് 1-ന് ശേഷം സംസ്ഥാനത്ത് മത്സ്യബന്ധനത്തിനിടെ നാളിതുവരെ 795 മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടു. |
| (ബി) | പ്രസ്തുത തൊഴിലാളികളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്ര പേരെ കാണാതായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; | (ബി) | പ്രസ്തുത തൊഴിലാളികളിൽ 14 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്, കൂടാതെ 3 തൊഴിലാളികളെ നാളിതുവരെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല . |
| (സി) | അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി മറൈൻ എൻഫോഴ്സ്മെന്റിന് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | 590 കിലോ മീറ്റർ ദൈർഘ്യമുള്ള സംസ്ഥാന തീരദേശത്തെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുമ്പോൾ രക്ഷപ്പെടുത്തുന്നതിന് പോലീസ് സൂപ്രണ്ടിന്റെ കീഴിൽ 60 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റ് 5 ഫിഷറീസ് സ്റ്റേഷനുകളിലായി പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് 5 ഫിഷറീസ് സ്റ്റേഷനുകളിലും കൂടി 5 വാടക ബോട്ടുകളും 3 ഡിപ്പാർട്ടുമെന്റുവക ബോട്ടുകളും രക്ഷാപ്രവർത്തനത്തിനായി ഉപയോഗിക്കുന്നു. ബോട്ടും ഫിഷറീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന വൺ-ടു-വൺ വയർലെസ് കമ്യൂണിക്കേഷനും വാർത്താ വിനിമയത്തിനു വേണ്ടി ഓഫീസർമാർക്ക് മൊബൈൽ കണക്ഷനും നൽകിയിട്ടുണ്ട്. 10 ലൈഫ് ബോയ-യും 10 ലൈഫ് ജാക്കറ്റും വീതം 5 ഫിഷറീസ് സ്റ്റേഷനിലും നൽകിയിട്ടുണ്ട്. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ പരിശീലനം നൽകിയ 50 മത്സ്യത്തൊഴിലാളി യുവാക്കളെ ദിവസവേത |

| | | | |
|---|---|---|---|
| | | | നാടിസ്ഥാനത്തിൽ റസ്ക്യൂ ഗാർഡായി 5 ഫിഷറീസ് സ്റ്റേഷനുകളിൽ നിയമിച്ചിട്ടുണ്ട്.<br>മറൈൻ എൻഫോഴ്സ്മെന്റ് പോലീസ് സൂപ്രണ്ടാഫീസിൽ 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിച്ച് വരുന്നു. കടലിൽ കാണാതാവുന്ന മത്സ്യത്തൊഴിലാളികളെ മറൈൻ എൻഫോഴ്സ്മെന്റിന് കണ്ടെത്താൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കോസ്റ്റ് ഗാർഡ്, ഇൻഡ്യൻ നേവി എന്നിവരുടെ സേവനം എറണാകുളം ജില്ലാ കളക്ടർ മുഖേന ഈ ഓഫീസിൽ നിന്നും ആവശ്യപ്പെടാറുണ്ട്. നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് കാണാതാവുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ